അതിനെ സംബന്ധിച്ച് ഉത്തരവാദപ്പെട്ട ആരെയെങ്കിലും വച്ച് ഒരു അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അന്വേഷണം നടത്തിയിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലുമാണ് പ്രധാനമായും റാഗിംഗ് നടന്നതായിട്ടുള്ള വാർത്ത പത്രങ്ങളിൽ വന്നത്. ഇത്തരം വാർത്തകൾ പത്രത്തിൽ വന്നതിനുശേഷം ഉടനെതന്നെ അത് നിരോധിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ആദ്യമേ സൂചിപ്പിച്ചു പ്രൊഫഷണൽ കോളേജുകളിൽ റാഗിംഗ് നടന്നതായിട്ട് പരാതികളൊന്നും കിട്ടിയിട്ടില്ല. ഇവിടെ ശ്രീ. കെ. പി. പ്രഭാകരൻ സൂചിപ്പിച്ചതുപോലെ പത്രങ്ങളിൽ ചില വാർത്തകൾ വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടരുത് അല്ലെങ്കിൽ ഉണ്ടാകരുതെന്ന് കർശനമായി പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : റാഗിംഗിന് വിധേയരാകുന്ന കുട്ടികൾ മാനസികമായി തളരുകയും അവരിൽ പലരുടേയും വിദ്യാഭ്യാസം നിലച്ചുപോകുകയും ചെയ്യുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് റാഗിംഗ് എന്നു പറയുന്ന കാടത്തം അവസാനിപ്പിക്കാൻ വേണ്ടി ഒരു നിയമം ഈ സഭയിൽ അവതരിപ്പിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്ത് 1982-നുശേഷം റാഗിംഗ് നടത്തിയ ചില കുട്ടികളെ കോളേജിൽ നിന്ന് പുറത്താക്കിയിട്ടുണ്ട് അവരെ ഇതുവരെ തിരിച്ചു പ്രവേശിപ്പിക്കുകപോലും ഉണ്ടായിട്ടില്ല അതു പോലെതന്നെ ഇതിനുവേണ്ടി ഒരു നിയമം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ആ നിയമം ഡ്രാഫ്റ്റിംഗ് സ്റ്റേജിലാണ്.

പിന്നോക്ക ജില്ലകളിലെ സഹകരണ പ്രസ്ഥാനം

* 289. [312] ശ്രീ. കെ. പി. രാമൻ :
,, കെ. പി. എ. മജീദ് :
,, പി. എം. അബൂബക്കർ :
,, സി. ടി. അഹമ്മദ് അലി :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പിന്നോക്ക ജില്ലകളിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനും വളർത്തിയെടുക്കുന്നതിനുംവേണ്ടി ഗവൺമെന്റിന് എന്തെങ്കിലും പ്രത്യേക പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം ജില്ലകളാണ് ഈ പ്രത്യേകത പദ്ധതിയുടെ പരിധിയിൽ വരുന്നത് ;

(ഡി) ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ, ബി) സഹകരണവകുപ്പിന്റേതായി പ്രത്യേക പദ്ധതിയൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ എൻ സി.ഡി.സി. യുടെ ധനസഹായത്തോടുകൂടി പിന്നോക്ക ജില്ലകളിൽ ഒരു സംയോജിത വികസന പദ്ധതി സഹകരണസംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് നടപടികൾ എടുത്തു വരികയാണ്.

(സി, ഡി) എൻ.സി.ഡി.സി. തെരഞ്ഞെടുത്തത് പിന്നോക്കജില്ലയായ വയനാട് ജില്ലയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എൻ.സി.ഡി.സി യുടെ അംഗീകാരത്തോടെ നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ പദ്ധതിയുടെ വിശദാംശങ്ങൾ തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. പി. രാമൻ : പ്രോജക്ട് റിപ്പോർട്ട് എത്ര കാലത്തിനുള്ളിൽ ലഭിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ശ്രീമതി എം. കമലം : പ്രോജക്ട് റിപ്പോർട്ട് അടുത്ത ഫെബ്രുവരി മാസത്തോടുകൂടി കിട്ടുമെന്നാണ് മനസിലാക്കുന്നത്.

ശ്രീ. കെ. പി. രാമൻ : തൊഴിലാളികളെ പ്രത്യേകം പരിഗണിച്ചുകൊണ്ട് ലേബർ സൊസൈറ്റികൾ രൂപീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം താല്പര്യമെടുക്കുമോ ?

ശ്രീമതി എം. കമലം : ഒരു പ്രദേശത്തിന്റെ എല്ലാ വിധത്തിലുള്ള സമഗ്രമായ വികസനത്തിനുള്ള പദ്ധതികളാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. എ. മജീദ് : എന്തെല്ലാം വികസന പദ്ധതികളാണ് ഈ പ്രോജക്ട് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഒന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. കമലം : കാർഷികേതര പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്, കാർഷിക വികസനമുൾപ്പെടെ എല്ലാ ഡവലപ്പ്മെന്റ്സും ഇതുകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. ട്രൈബൽ ഡവലപ്പ്മെന്റ്, കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണം, ഹോർട്ടിക്കൾച്ചർ, പന്നിവളർത്തൽ, കോഴി വളർത്തൽ, പട്ടുനൂൽപ്പുഴു അതായത് സെറി കൾച്ചർ, മൽസ്യവ്യവസായം, ഗ്രാമീണ വ്യവസായങ്ങൾ, കൈത്തൊഴിലുകൾ മുതലായ എല്ലാവിധ തൊഴിലുകളും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : പ്രവർത്തനക്ഷമമല്ലാത്ത സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കാനും അതിനാവശ്യമായ സാമ്പത്തിക സഹായം നൽകാനും വേണ്ടി ഈ സ്കീമിൽ ഉൾപ്പെടുത്താൻ തയ്യാറുണ്ടോ ?

ശ്രീമതി എം. കമലം : ഒരു പ്രദേശത്തെ എല്ലാ സഹകരണ സംഘങ്ങളേയും കണക്കിലെടുത്തുകൊണ്ട് അതിനെ ശക്തമാക്കുകയും അത് മുഖേന ആ പ്രദേശത്തെ ആളുകൾക്ക് എന്തെല്ലാം ചെയ്തു കൊടുക്കാൻ കഴിയുമോ അതെല്ലാം ചെയ്യുന്നതിനും സമഗ്രമായിട്ടുള്ള വളരെ ആരോഗ്യമായിട്ടുള്ള ഒരു പദ്ധതിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : പിന്നോക്ക സൊസൈറ്റികൾ പ്രത്യേകിച്ച് ആദിവാസി ക്ലാസിഫിക്കേഷനിൽ 'സി' ക്ലാസ് കൊടുത്തിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്ന് രണ്ടാം പ്രാവശ്യം കൃഷിക്കാർക്കും മറ്റ് കടമെടുക്കുന്നവർക്കും സൗകര്യമുണ്ടാകത്തക്ക വിധത്തിൽ പ്രത്യേകിച്ച് ഞങ്ങളുടെ ഭാഗത്തുള്ള കൊഴിഞ്ഞാംപാറ ഏരിയയിലുള്ള ഒരു സൊസൈറ്റിയും ഇപ്പോൾ ലോൺ കൊടുക്കുന്നില്ല. അത് കിട്ടാനുള്ള സംവിധാനം ഉടനെ ഏർപ്പെടുത്തുമോ ?

ശ്രീമതി എം. കമലം : ഇങ്ങനെയുള്ള പിന്നോക്കപ്രദേശങ്ങളെ അഭിവൃദ്ധിയിലേക്ക് കൊണ്ടുവരുന്നതിനായി ലോണും സബ്സിഡിയും കൊടുക്കുന്ന പരിപാടി ഈ പദ്ധതിയിൽ ഉണ്ട്. ധാരാളം സബ്സിഡിയും ലോണും ഇപ്പോൾ കൊടുത്തു. ഇത് രണ്ടര കോടി രൂപ വരുന്ന ഒരു പദ്ധതിയാണ്. അങ്ങനെയുള്ള സ്കീമാണ് സർ, ഇതുകൊണ്ട് ആവിഷ്കരിച്ചിരിക്കുന്നത്.

ശ്രീ. ജി. വരദൻ : പിന്നോക്ക ജില്ലയായ ഇടുക്കിയെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീമതി എം. കമലം : 1984-85-ൽ എൻ.സി.ഡി.സി. 20 ജില്ലകളെ തെരഞ്ഞെടുത്തു. അതിലാണ് വയനാട് ജില്ല ഉൾപ്പെട്ടിട്ടുള്ളത്. 1986-87-ലേക്ക് 25 ജില്ലകളെ അവർ വീണ്ടും തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ ഇടുക്കി ജില്ലയാണ് സംസ്ഥാന ഗവൺമെന്റിന്റെ മുമ്പിലുള്ള തീരുമാനം.

സഹകരണ ബാങ്കുകൾ മുഖേന നൽകുന്ന വായ്പകൾ

*290. [313] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ സഹകരണത്തോടുകൂടി സഹകരണ ബാങ്കുകൾ മുഖേന വായ്പകൾ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാം ഇനങ്ങൾക്കാണ് വായ്പ നൽകുന്നത് ;

(സി) ഇതിന് ഈടാക്കിവരുന്ന പലിശ എത്ര ;

(ഡി) 1984-85 വർഷത്തിൽ ഈ ഇനത്തിൽ എത്ര രൂപ വായ്പയായി നൽകിയിട്ടുണ്ട് ?

സഹകരണ വകുപ്പുമന്ത്രി : (ശ്രീമതി എം. കമലം) :

(എ, ബി) കയർ, കൈത്തറി, കരകൗശല വേലകൾ, ഗ്രാമ വ്യവസായം, കുടിൽ വ്യവസായം, ചെറുകിട വ്യവസായം, ഇതര വ്യവസായം എന്നിവയ്ക്കും, ഗ്രാമശിൽപ്പികൾ, കൈത്തൊഴിലുകാർ എന്നിവർക്കും സഹകരണ ബാങ്കുവഴി വായ്പ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly